LIBRARY ARCHIVES Kerala Legislative Assembly

14-11-2019-ലെ ജി.ഒ. (ആർ.റ്റി.) 483/2019/പി&ഇ.എ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയുടെ കീഴിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള വനംവകുപ്പിനെയാണ് മേൽ പദ്ധതി നടത്തിപ്പിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ?

കണ്ടൽക്കാടുകൾ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രെജൈൽ ലാൻഡ്) ആക്ട് 2003, സെക്ഷൻ 4 (1) പ്രകാരം അർഹമായ നഷ്ടപരിഹാരത്തുക പകരം നൽകി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രെജൈൽ ലാൻഡ്സ്) ആക്ട് 2003, സെക്ഷൻ 15 പ്രകാരം നിയമിക്കപ്പെട്ട ഉപദേശക സമിതിയുടെ സ്ഥലപരിശോധനയും ശിപാർശയും വിധേയമായിട്ടാണ് സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നത്.

കണ്ടൽക്കാട് സംരക്ഷണം

141(887) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളുടെ ഭൂമികളിലെ കണ്ടൽ വനങ്ങൾ സംരക്ഷിക്കാൻ വനംവകുപ്പ് മുൻകയ്യെടുക്കുമോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് ജൈവവൈവിധ്യങ്ങളുടെ കലവറയായ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന്റെ ഭാഗമായി റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിക്കു കീഴിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി വനംവകുപ്പ് നടപ്പാക്കി വരുന്നുണ്ട്.

(ബി) ഇത്തരത്തിലുള്ള പുഴയോര കണ്ടൽവനങ്ങൾ ധാരാളമുള്ളതും സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ളതുമായ ഭൂമികൾ വനംവകുപ്പ് നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് സംരക്ഷിത കണ്ടൽ വനമേഖലയായി സംരക്ഷിച്ച് വരുന്നുണ്ടോ; നഷ്ടപരിഹാരത്തുക അനുവദിക്കുമോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയുടെ ഒരു പ്രധാന ഉപ പദ്ധതിയാണ് കണ്ടൽക്കാടുകളുടെ ഏറ്റെടുക്കലും സംരക്ഷണവും. സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ളതായ കണ്ടൽഭൂമികൾ വനം വകുപ്പ് നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രെജൈൽ ലാന്റ്സ്) ആക്ട് 2003, സെക്ഷൻ 4 (1) പ്രകാരം അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രെജൈൽ ലാന്റ്സ്) ആക്ട് 2003, സെക്ഷൻ 15 പ്രകാരം നിയമിക്കപ്പെട്ട ഉപദേശക സമിതിയുടെ സ്ഥലപരിശോധനയും ശിപാർശയും വിധേയമായിട്ടാണ് സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നത്.

(സി) കണ്ടൽ വനവിസ്തൃതി വർദ്ധിപ്പിക്കാൻ വനം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിനു കീഴിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഏറ്റെടുക്കുകവഴി ജൈവ വൈവിധ്യങ്ങളുടെ കലവറയായ കണ്ടൽക്കാടുകളുടെ ഏകീകരണവും സംരക്ഷണവുമാണ് ലക്ഷ്യമാക്കുന്നത്. സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ വനങ്ങൾ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രെജൈൽ ലാന്റ്സ്) ആക്ട് 2003 സെക്ഷൻ 4 (1), മുഖേന അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 14-11-2019-ലെ സ.ഉ (സാധാ) നമ്പർ 483/2019/P&EA നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കണ്ടൽക്കാടുകളുടെ ഏറ്റെടുക്കലും സംരക്ഷണത്തിനുമായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ 2 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ തൃശ്ശൂർ, കൊല്ലം, കണ്ണൂർ, മലപ്പുറം എന്നീ നാല് ജില്ലകളിലെ 51.41 ഹെക്ടർ കണ്ടൽക്കാടുകൾ അർഹമായ തുക നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇ.എഫ്.എൽ. അഡ്വൈസറി സബ്കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം, തൃശ്ശൂർ ജില്ലകളിലെ കണ്ടൽഭൂമി ഏറ്റെടുക്കുന്നതിനായുള്ള നഷ്ടപരിഹാരം തീരുമാനിക്കുന്നതിനുള്ള സമിതി രൂപീകരിച്ച് സർക്കാർ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റുള്ള ജില്ലകളിൽ കണ്ടൽക്കാടുകളുടെ വിവരശേഖരണം, സർവ്വേ രേഖകളുടെ പരിശോധന തുടങ്ങിയ പ്രാഥമിക പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.